# Deepika

# 23 July 2018

# Idukki; Idukki dam , water level



## ഇടുക്കി അണക്കെട്ടിൽ വെള്ളം 80 ശതമാനം കടന്നു

ഇടുക്കി: അണക്കെട്ടിലെ ജലനിരപ്പ് സംഭരണശേഷിയുടെ 80 ശതമാനം കടന്നു. 2385.54 അടിയാണ് അണക്കെട്ടിലെ ഇന്നലത്തെ ജലനിരപ്പ്. 30.568 ദശലക്ഷം യൂനിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ജലം അണക്കെട്ടിലേക്ക് ഇന്നലെ ഒഴുകിയെത്തി. ഇന്നലെ രാവിലെ ഏഴുമണിക്ക് അവസാനിച്ച 24 മണിക്കൂറിൽ 4.68 സെന്റിമീറ്റർ മഴ പദ്ധതിയുടെ വൃഷ്ടിപ്രദേശത്ത് രേഖപ്പെടുത്തി. 1763.038 ദശലക്ഷം യൂനിറ്റ് വൈദ്യുതിക്കുള്ള ജലം നിലവിൽ അണക്കെട്ടിലുണ്ട്. 0.883 അടിയാണ് ഇന്നലെ അണക്കെട്ടിലുയർന്ന ജലനിരപ്പ്. പദ്ധതിയുടെ മൂലമറ്റം പവർ ഹൗസിൽ 8.539 ദശലക്ഷം യൂനിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചു. സംസ്ഥാനത്തെ എല്ലാ അണക്കെട്ടുകളിലുമായി നിലവിൽ സംഭരണശേഷിയുടെ 82 ശതമാനം ജലമുണ്ട്. 3374.882 ദശലക്ഷം യൂനിറ്റ് വൈദ്യുതി ഇതുകൊണ്ട് ഉത്പാദിപ്പിക്കാം.

കഴിഞ്ഞവർഷം ഇതേ ദിവസം 1020.009 ദശലക്ഷം യൂനിറ്റ് വൈദ്യുതിക്കുള്ള ജലമാണ് സംഭരണികളിൽ ഉണ്ടായിരുന്നത്.